പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2404 **27-10-2026-ൽ മറുപടിയ്ക്ക്**

വൈദ്യുതി ചാർജ്ജിലെ ഇളവുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. വി. സുമേഷ്
ശ്രീ. എൻ. കെ. അക്ബർ
ശ്രീ. പി. പി. സുമോദ്
ശ്രീ. പി. മമ്മിക്കുട്ടി

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) ജീവൻരക്ഷാ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും ക്യാൻസർ രോഗികൾക്കും എൻഡോസൾഫാൻ ദുരന്തബാധിതർക്കും മുൻ സർക്കാർ അനുവദിച്ചുവന്നിരുന്ന വൈദ്യുതി ചാർജ് ഇളവുകൾ തുടർന്നും നൽകുന്നതിൽ നിലവിൽ കാലതാമസം നേരിടുന്നുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: ജീവൻ രക്ഷാ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും, എൻഡോസൾഫാൻ ദുരന്തബാധിതർക്കും, ക്യാൻസർ രോഗബാധിതർക്കും അനുവദിച്ച വന്നിരുന്ന വൈദ്യുതി ചാർജിലുള്ള ഇളവുകൾ നൽകുന്നതിൽ കാലതാമസം നേരിടുന്നില്ല.

(ബി) 1,000 വാട്ട് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് 250 മീറ്റർ വരെ ഓവർഹെഡ് ലൈൻ വലിച്ച് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്ന മുൻ സർക്കാരിന്റെ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്.

(സി) ഈ സർക്കാരിന്റെ കഴിഞ്ഞ അഞ്ചുമാസത്തെ ഭരണകാലയളവിൽ നിരാലംബരായ ഇത്തരം ഉപഭോക്താക്കൾക്കായി പുതിയ ആശ്വാസ നടപടികൾ ഏതെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ;

മറുപടി: പ്രഖ്യാപിച്ചിട്ടുണ്ട്. LIFE Mission ഭവനങ്ങളുടെ നിർമ്മാണത്തിനായി വൈദ്യുതിലൈനുകളും പോസ്റ്റുകളും മാറ്റിസ്ഥാപിക്കുന്നതിന് 50,000 രൂപ വരെയുള്ള ചെലവ് കെ.എസ്.ഇ.ബി.എൽ വഹിക്കുന്ന പദ്ധതിയുടെ ആനുകൂല്യം ഈ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി 31.03.2027 വരെ ലഭ്യമാക്കുന്നതിലേക്കായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി PMAY (BPL) ഗുണഭോക്താക്കൾക്കുകൂടി ആനുകൂല്യം വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രതിമാസം 30 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് പൂർണമായും സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

<u>മറുപടി:</u> പ്രതിമാസം 30 യൂണിറ്റ് വരെ ഉപഭോഗമുള്ളതും 500 വാട്സ് വരെ കണക്ടഡ് ലോഡുള്ളതുമായ ഉപഭോക്താക്കൾക്ക് വൈദ്യുതി തികച്ചും സൗജന്യമായി നൽകിവരുന്നു. നിലവിൽ ഏകദേശം 12300 ഉപഭോക്താക്കൾക്ക് സൗജന്യ വൈദ്യുതി ലഭ്യമാകുന്നുണ്ട്.

സെക്ഷൻ ഓഫീസർ